**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. അത് നേരിട്ട് ചെയ്യണമെന്ന ആവശ്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | പരിശോധിച്ചു വരികയാണ്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവസ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പ്രസ്തുത സ്കീം പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി എങ്ങനെ നടപ്പിലാക്കാം എന്നതിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ച് അംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>i.ഉപഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ.<br>ii.C-DAC-ന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന്റെ സാധ്യത.<br>ii.സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുകയാണെങ്കിൽ RDSS-ലെ സാമ്പത്തിക സഹായം ലഭ്യമാകുമോ എന്ന വിഷയം.<br><br>മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ RDSS-നുള്ള കേന്ദ്ര സഹായം നഷ്ടപ്പെടാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കാത്ത തരത്തിലും ഉപഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്ന വിധത്തിലും സ്മാർട്ട് മീറ്റർ പദ്ധതിയെ വിലയിരുത്തി സമഗ്രമായ പരിശോധന നടത്തി ഘട്ടം ഘട്ടമായി നടപ്പിലാക്കണമെന്ന ലക്ഷ്യം മുൻനിർത്തി ബോർഡിന് ഗുണപരമായതും പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിയുന്നതുമായ തീരുമാനം |

| | | | |
|---|---|---|---|
| | | | എടുക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള സമയപരിധിക്കകം നടപടികൾ സ്വീകരിക്കണമെന്നതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ 13/02/2023-ന് ആരംഭിച്ചു. കേന്ദ്ര സർക്കാർ 40 ഓളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എം പാനൽ ചെയ്തിട്ടുണ്ട്. ഏതു സ്ഥാപനത്തിനു വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. പ്രസ്തുത ടെണ്ടർ സ്വകാര്യ സംരംഭകർക്കു മാത്രമായി നിജപ്പെടുത്തിയിട്ടില്ല.<br><br>മേൽ വിദഗ്ധ സമിതിയുടെ അഭിപ്രായം ലഭിച്ചതിനു ശേഷം മാത്രമേ ടെണ്ടർ നടപടികളിൽ കെ.എസ്.ഇ.ബി.എൽ. അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു. |
| (ബി) | വളരെ കുറഞ്ഞ ചെലവിൽ കെ.എസ്.ഇ.ബി. യ്ക്ക് സ്മാർട്ട് മീറ്ററുകൾ നേരിട്ട് സ്ഥാപിക്കാനുള്ള സാങ്കേതികവിദ്യ ലഭ്യമാണോ; സ്വകാര്യ സംരംഭകർക്ക് പ്രസ്തുത പദ്ധതി നൽകാനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പരിശോധിച്ചു വരികയാണ്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവസ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പ്രസ്തുത സ്കീം പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി എങ്ങനെ നടപ്പിലാക്കാം എന്നതിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ച് അംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>i.ഉപഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ.<br>ii.C-DAC-ന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന്റെ സാധ്യത.<br>ii.സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുകയാണെങ്കിൽ RDSS-ലെ സാമ്പത്തിക സഹായം ലഭ്യമാകുമോ എന്ന വിഷയം.<br><br>മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ RDSS-നുള്ള കേന്ദ്ര സഹായം നഷ്ടപ്പെടാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കാത്ത തരത്തിലും ഉപഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്ന വിധത്തിലും സ്മാർട്ട് മീറ്റർ പദ്ധതിയെ വിലയിരുത്തി സമഗ്രമായ പരിശോധന നടത്തി ഘട്ടം ഘട്ടമായി നടപ്പിലാക്കണമെന്ന ലക്ഷ്യം മുൻനിർത്തി ബോർഡിന് ഗുണപരമായതും പ്രായോഗികമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുവാൻ കഴിയുന്നതുമായ തീരുമാനം എടുക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള സമയപരിധിക്കകം നടപടികൾ സ്വീകരിക്കണമെന്നതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ 13/02/2023-ന് ആരംഭിച്ചു. കേന്ദ്ര സർക്കാർ 40 ഓളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എം പാനൽ ചെയ്തിട്ടുണ്ട്. ഏതു സ്ഥാപനത്തിനു വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. പ്രസ്തുത ടെണ്ടർ സ്വകാര്യ സംരംഭകർക്കു മാത്രമായി നിജപ്പെടുത്തിയിട്ടില്ല.<br><br>മേൽ വിദഗ്ധ സമിതിയുടെ അഭിപ്രായം ലഭിച്ചതിനു ശേഷം മാത്രമേ ടെണ്ടർ നടപടികളിൽ കെ.എസ്.ഇ.ബി.എൽ. അന്തിമ തീരുമാനം കൈകൊള്ളുകയുള്ളൂ. |
| (സി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കലും പരിപാലനവും ബില്ലിംഗും പുറം കരാർ നൽകുന്ന ടോട്ടെക്സ് രീതി ബോർഡിനും ഉപഭോക്താക്കൾക്കും ഗുണകരമല്ലെന്ന ആശങ്ക ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിലയിരുത്തിയിട്ടുണ്ടോയെന്നും ഇക്കാര്യം പുന:പരിശോധിക്കാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ടോട്ടെക്സ് രീതിയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കലും പരിപാലനവും ടെണ്ടർ മുഖേന തിരഞ്ഞെടുക്കുന്ന ഒരു സേവന ദാതാവിനെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ മീറ്റർ റീഡിംഗ്, ബില്ലിംഗ്, ഡിസ്കണക്ഷൻ, റീകണക്ഷൻ എന്നീ പ്രവർത്തനങ്ങളുടെ ഓട്ടോമേഷൻ ആണ് നടപ്പിലാക്കുന്നത്. കൂടാതെ, എനർജി അക്കൗണ്ടിംഗും ഓഡിറ്റിംഗും വിവിധ രീതിയിലുള്ള ഡാറ്റ അവലോകനവും സാധിക്കുന്നതാണ്. ബില്ലിംഗ് പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. നേരിട്ട് ആണ് നടത്തുന്നത്. ഇപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന രീതി വിലയിരുത്താനും പരിശോധിക്കാനും വേണ്ടി സർക്കാർ 07.02.2023 ൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ നിർദേശങ്ങൾ പരിഗണിച്ചായിരിക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന നടപടികളുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടു പോകുന്നത്. |
| (ഡി) | കെ.എസ്.ഇ.ബി.യുടെ വാണിജ്യ നഷ്ടം രണ്ട് ശതമാനത്തിൽ താഴെയാണെന്നത് വസ്തുതയാണോ; എങ്കിൽ വൻ ചെലവ് വരുന്ന ഈ പദ്ധതിയുടെ സാമ്പത്തിക നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | കെ.എസ്.ഇ.ബി.എൽ-ന്റെ 2021-22-ലെ വിതരണ വിഭാഗത്തിലെ AT&C loss 8.26% ആണ്. സ്മാർട്ട് മീറ്റർ മുഖേന മാത്രമേ കൃത്യമായ എനർജി അക്കൗണ്ടിംഗും ഓഡിറ്റിംഗും (machine to machine communication) നടപ്പിലാക്കാൻ പറ്റുകയുള്ളൂ. സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലെ കാലതാമസം കൃത്യമായ എനർജി അക്കൗണ്ടിംഗിലും ഓഡിറ്റിംഗിലും സ്വാധീനം ചെലുത്തും: ഇത് ഊർജ്ജ സംരക്ഷണ നിയമത്തിന് കീഴിലുള്ള പിഴ |

| | | | |
|---|---|---|---|
| | | | അടക്കേണ്ടിവരുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയമായേക്കാം.<br><br>സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) 19.08.2021-ൽ പുറപ്പെടുവിച്ചിട്ടുള്ള (മീറ്ററുകളുടെ ഇൻസ്റ്റലേഷനും പ്രവർത്തനവും) (ഭേദഗതി) ചട്ടങ്ങൾ 2021 പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനു ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്<br><br>RDSS പദ്ധതി വിഭാവനം ചെയ്യുന്ന ഉപപ്രസരണ-വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ വിതരണ മേഖലയെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>RDSS പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സമയ ബന്ധിതമായി പൂർത്തിയാക്കിയാൽ, സ്മാർട്ട് മീറ്റർ വിലയുടെ 15%, (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്. കൂടാതെ RDSS പദ്ധതി വിഭാവനം ചെയ്യുന്ന ഉപപ്രസരണ-വിതരണ മേഖലയിലെ പരിഷ്കാരങ്ങൾക്ക് 60% കേന്ദ്ര വിഹിതമായി (1341.47 കോടി രൂപ) ലഭിക്കണമെങ്കിൽ, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. കൂടാതെ RDSS പദ്ധതിയുടെ ഭാഗമായി, വിതരണ മേഖലയിലെ ശൃംഖലാ നവീകരണത്തിന്റെയും ഒന്നാം ഘട്ടം സ്മാർട്ട് മീറ്റർ പദ്ധതിയുടെയും ടെൻഡറുകൾ ക്ഷണിച്ചതും സംസ്ഥാനത്തിന്റെ അധിക കടമെടുപ്പുമായി കെ എസ് ഇ ബി എൽ ന്റെ പ്രവർത്തന മികവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. |

സെക്ഷൻ ഓഫീസർ